(20) വെള്ളായണി കായൽ സംരക്ഷിക്കുന്നതിന് നടപടി

ശ്രീ. പിരപ്പൻകോട് മുരളി: സർ, ശുദ്ധജല തടാകമായ വെള്ളായണി കായൽ സംരക്ഷിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. കേരളത്തിലെ മൂന്ന് ശുദ്ധജല തടാകങ്ങളിലൊന്നാണ് തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായൽ. രാജഭരണ കാലത്ത് പത്മനാഭസ്വാമി ക്ഷേത്രത്തിലേക്ക് താമര വളർത്താൻ വേണ്ടിയാണ് ഇത് ഉപയോഗിച്ചിരുന്നത്. 1953-ൽ കായൽ റിക്ലമേഷൻ പദ്ധതിയുടെ ഭാഗമായാണ് നെൽകൃഷിക്ക് നൽകിയത്. എന്നാൽ കാലക്രമേണ കായൽ നികത്താൻ മാത്രമേ പ്രയോജനപ്പെടൂ എന്ന് മനസ്സിലാക്കി ബഹുജനങ്ങളുടെ ഇടപെടലിനെത്തുടർന്നാണ് കായൽ സംരക്ഷണത്തിന് ആദ്യമായി പരിപാടി ആരംഭിച്ചത്. അര നൂറ്റാണ്ടുമുമ്പ് 600 ഹെക്ടറായിരുന്നു ഈ കായലിന്റെ വിസ്തൃതിയെങ്കിൽ റിയൽ എസ്റ്റേറ്റുകാരും മണലൂറ്റുകാരും ചേർന്ന് ഇതിന്റെ വിസ്തൃതി 400 ഹെക്ടറിന് താഴെയാക്കിയിരിക്കുകയാണ്. ഈ കായലിന് സമീപത്തായി നിരവധി കാലങ്ങളായി നെൽക്കൃഷി നടത്തിക്കൊണ്ടിരുന്ന പുഞ്ചക്കരി, കാഞ്ഞിരത്തടി, മാങ്കുളക്കരി, പണ്ടാരക്കരി തുടങ്ങിയ 100 ഹെക്ടറോളം വരുന്ന വയലേലകളും പാടശേഖരങ്ങളും നികത്തി ടൂറിസ്റ്റ് കോംപ്ലക്സുകൾ പണിയാനാണ് ഇപ്പോൾ തകൃതിയായി ശ്രമം നടന്നുകൊണ്ടിരിക്കുന്നത്. രണ്ട് കാര്യങ്ങളാണ് എനിക്ക് ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഒന്ന് ഈ നെൽപാടങ്ങൾ നികത്താനുള്ള ശ്രമത്തിൽനിന്ന് അവരെ തടയണം. തടഞ്ഞില്ലെങ്കിൽ കായലിന്റെ സ്രോതസ് നഷ്ടപ്പെടും; അവിടത്തെ പരിസ്ഥിതിയും കുഴപ്പത്തിലാകും. അതുപോലെ തന്നെ നമ്മുടെ സംസ്ഥാനത്തെ മൂന്ന് ശുദ്ധജല തടാകങ്ങളിലൊന്നായ വെള്ളായണി കായൽ നമ്മുടെ നഗരത്തിലെ കുടിവെള്ളവിതരണത്തിന് ആൾട്ടർനേറ്റീവ് സോഴ്സായി ഉപയോഗിക്കാൻ കഴിയുന്നതാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് അടിയന്തിരമായി ഈ കായൽ നികത്തുന്ന ടൂറിസ്റ്റ് കോംപ്ലക്സുകാരേയും റിയൽ എസ്റ്റേറ്റുകാരേയും നിലയ്ക്ക് നിറുത്താനും കായൽ സംരക്ഷിക്കാനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചപോലെ വെറ്റ് ലാന്റ് സംരക്ഷണമാണ് ഗവൺമെന്റിന്റെ നയം. അതുകൊണ്ട് വെറ്റ് ലാന്റ് സംരക്ഷണത്തിന് വിരുദ്ധമായിട്ടുള്ള ഒരു നടപടിയും ഗവൺമെന്റ് പ്രോൽസാഹിപ്പിക്കുന്നതല്ല. വെള്ളായണി കായലിനെ സംബന്ധിച്ചിടത്തോളം രണ്ട് തർക്കങ്ങൾ ഡെവലപ് ചെയ്തുവന്നു. ഗവൺമെന്റ് അത് പരിശോധിക്കാം. ബന്ധപ്പെട്ട ആളുകളുമായി സംസാരിക്കാം. വെറ്റ് ലാന്റ് സംരക്ഷണമാണ് ഗവൺമെന്റിന്റെ നയം എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly